**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **09-06-2021 - ൽ മറുപടിയ്ക്ക്**

**കേരളതീരത്തെ മത്സ്യസമ്പത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian**<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലം കേരള തീരത്ത് മത്സ്യസമ്പത്തിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി ഭേദഗതി വരുത്തുകയും പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുമെന്നതിനാൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. അതോടൊപ്പം കടൽ കൂട് കൃഷിയും പ്രാവർത്തികമാക്കി വരുന്നുണ്ട്. |
| (സി) | പൊതുമേഖലയിൽ ഫിഷ് മീൽ കമ്പനികൾ ആരംഭിക്കാനുള്ള നീക്കം മത്സ്യ സമ്പത്ത് വൻ | (സി) | ഫിഷ് മീൽ പ്ലാന്റുകളിൽ പ്രധാനമായും ചെറു മത്സ്യങ്ങളാണ് അസംസ്കൃത വസ്തുക്കളായി |

| | | | |
|---|---|---|---|
| | തോതിൽ കുറയുന്നതിന് ഇടയാക്കുമെന്ന ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ? | | ഉപയോഗിക്കുന്നത്. ഇത്തരം ചെറുമത്സ്യങ്ങളെ പിടിച്ചെടുത്താൽ മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് കോട്ടം തട്ടും എന്ന് മനസ്സിലാക്കി കേരളത്തിലെ വാണിജ്യ പ്രാധാന്യമുള്ള 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലും KMFR Act & Rule എന്നിവയിലെ വിവിധ വകുപ്പുകളുടെ അടിസ്ഥാനത്തിലും നിയമലംഘനം നടത്തി ചെറുമീൻ പിടിയ്ക്കുന്ന യാനങ്ങളെ പിടിച്ചെടുത്ത് ഉയർന്ന പിഴ ഉൾപ്പെടെ കർശന ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയും, മത്സ്യബന്ധനത്തിനു പയോഗിയ്ക്കുന്ന പ്രധാന വലകളുടെ ആകെ വലിപ്പം നിയന്ത്രിക്കുകയും, കണ്ണി വലിപ്പം നിശ്ചയിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ഒരു നിശ്ചിത വലിപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് നിയന്ത്രിക്കാൻ കഴിയുന്നു. മത്സ്യ സമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിന് കടൽ മേഖലയിൽ നടപ്പാക്കിവരുന്ന നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും അശാസ്ത്രീയവും നിയമപരമല്ലാത്തതുമായ മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിയമലംഘകർക്കെതിരെ ഉയർന്ന പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷണ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ